## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7315 | 16.07.2012-ൽ മറുപടിയ്ക്ക് |

### വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡ്

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ ; | (എ) സ്ഥലം ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പ് മുഖേന നടന്നു വരുന്നു. ഈ മാസം സർവ്വേ നടപടികൾ പൂർത്തിയാകുമെന്ന് കരുതുന്നു. |
| (ബി) എന്തെല്ലാം നടപടികളാണ് ഇതിനായി പൂർത്തിയാക്കാനുള്ളതെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ; | (ബി) സർവ്വേ കഴിഞ്ഞാൽ വിശദമായ വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കുകയും അത് പാസ്സായതിനുശേഷം തഹസീൽദാരുടെ ഓഫീസിൽ വെച്ച് ഹിയറിങ്ങ് നടത്തി 80% ഫണ്ട് സ്ഥലമുടമകൾക്ക് നൽകാൻ കഴിയും. അതിനുശേഷമാണ് പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടുന്നത്. സ്ഥലം ലഭ്യമായ ശേഷം മാത്രമേ പൊതുമരാമത്ത് വകുപ്പിന് റോഡ് വികസനം സാധ്യമാക്കുവാൻ കഴിയുകയുള്ളൂ. |
| (സി) ഈ റോഡിന്റെ ബി.എം.ബി.സി.യിൽ എന്നേക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (സി) സ്ഥലമെടുപ്പ് പൂർത്തിയായ ശേഷം, പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പണി എന്നേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ